

WEDNESDAY 16/07/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/07/2025

1. ഉദ്യാന വിള കൃഷി പ്രോൽസാഹനത്തിന് ഹൈടെക് കൃഷി, വിളവെടുപ്പാനന്തര പരിപാലനങ്ങൾ തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കുന്ന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഫീൽഡ് ഉദ്യോഗസ്ഥർക്കായി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ വെച്ച് ജൂലായ് 16, 17 തീയതികളിൽ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. പരിപാടിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇന്ന് നിർവ്വഹിക്കും. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ് അദ്ധ്യക്ഷത വഹിക്കും. ചടങ്ങിൽ ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ സജി ജോൺ പദ്ധതി വിശദീകരണം നടത്തും.

2. പുന്നപ്ര, നെടുമുടി, കൈനകരി, ചമ്പക്കുളം കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന വിതച്ച് 25 ദിവസം വരെയായ പാടശേഖരങ്ങളിൽ കരിഞ്ചാഴി (Black bug) എന്ന കീടത്തിന്റെ സാന്നിധ്യം കണ്ടു വരുന്നതായി സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം അറിയിച്ചു. നീരൂറ്റിക്കുടിക്കുന്ന ഈ കീടബാധയുണ്ടായാൽ ഇലകൾ മുറിഞ്ഞു പോവുകയോ നടുനാമ്പ് വാടിപ്പോവുകയോ ചെയ്യും. ആക്രമണം കൂടുതലാകുന്ന സാഹചര്യത്തിൽ ചെടികളിൽ വളർച്ച മുരടിപ്പ്, മഞ്ഞളിപ്പ്, നടുനാമ്പു വാട്ടം എന്നീ ലക്ഷണങ്ങൾ ഉണ്ടാകാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിയന്ത്രണ മാർഗ്ഗങ്ങൾ

ചുവട്ടുമുങ്ങും വിധം വെള്ളം കയറ്റിയിടുക – ഇതു വഴി കരിഞ്ചാഴി ചെടിയുടെ മുകളിലേക്ക് കയറുകയും ചാഴികളെ പക്ഷികളും മറ്റും ആഹാരമാക്കുകയും ചെയ്യും. ചുവട്ടിലെ ഇലകളിൽ ഇട്ടിട്ടുള്ള മുട്ടക്കൂട്ടങ്ങൾ 6 മണിക്കൂർ വെള്ളത്തിൽ മുങ്ങിക്കിടന്നാൽ നശിച്ചു പോകും. തറവണ്ടുകൾ, ആമവണ്ടുകൾ എന്നിവ മുട്ടക്കൂട്ടങ്ങളെ തിന്നു നശിപ്പിക്കും. കീടങ്ങളേയും ലക്ഷണങ്ങളും കണ്ടു തുടങ്ങിയാൽ സാങ്കേതിക ഉപദേശം അനുസരിച്ച് കീടനാശിനി പ്രയോഗം നടത്താം. ജൈവ കീടനാശിനിയായ അസാഡിറക്ടിൻ 1500 ppm ഏക്കറിന് ഒരു ലിറ്റർ എന്ന തോതിൽ തളിക്കാം. മെറ്റാറൈസിയം, ബെവേറിയ, മിത്രനിമാവിരകൾ എന്നിവയും പ്രയോഗിക്കാം. തരി രൂപത്തിലുള്ള കീടനാശിനികൾ രാസവളങ്ങളോടൊപ്പം ചേർത്ത് പ്രയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് കർഷകർ ചുവടെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

നെടുമുടി – 8547865338

പുന്നപ്ര – 9074306585

കൈനകരി – 9961392082

ചമ്പക്കുളം – 9567819958

3. സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മാതൃ-പിതൃ ശേഖര

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ത്തിൽപ്പെട്ട ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർക്ക് നേരിട്ട് കെപ്കോയുടെ കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ നിന്നും മൊത്തമായോ, ചില്ലറയായോ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9495000936, 9495000935

4. റബ്ബർ തോട്ട വികസനത്തിനായുള്ള ബോർഡിന്റെ വിവിധ സബ്സിഡി പദ്ധതികളെക്കുറിച്ച് അറിയാൻ റബ്ബർ കർഷകർക്ക് റബ്ബർ ബോർഡ് കോൾ സെന്ററുമായി ബന്ധപ്പെടാം. ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ റബ്ബർ ബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ശ്രീ. മനോജ്കുമാർ വി. ഇതുസംബന്ധിച്ച സംശയങ്ങൾക്ക് ഉത്തരം നൽകും. കോൾ സെന്റർ നമ്പർ 0481-2576622.

## പരിശീലന പരിപാടി

5. **'അക്വേറിയം നിർമ്മാണം (പ്രായോഗിക പരിശീലനം), അലങ്കാര മത്സ്യകൃഷി'** എന്നീ വിഷയങ്ങളിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ 08.07.2025 തീയതിയിലെ മാറ്റിവെച്ച പരിശീലന പരിപാടി **19.07.2025** തീയതിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ **(10 മണി മുതൽ 5 മണി വരെ)** താഴെ പറയുന്ന ഫോൺ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പറിൽ **19.07.2025** തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് **₹550/-** രൂപ. **ഫോൺ നമ്പർ : 0487 2370773, 8547070773**

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷിയിലെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ"എന്ന വിഷയത്തിൽ 2025 ജൂലൈ 18ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ (രാവിലെ10 മണി മുതൽ വൈകുന്നേരം 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കണ്ണൂർ കക്കാട് റോഡിൽ ജില്ലാ ഹോമിയോ ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ജൂലൈ 18, 19 തീയതികളിൽ രാവിലെ 10.15 മുതൽ വൈകുന്നേരം അഞ്ച് വരെ ആട് വളർത്തലിൽ പരിശീലന ക്ലാസ് നടത്തും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ജൂലൈ 17 ന് നാല് മണിക്ക് മുമ്പായി പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 0497 2763473

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജൂലൈ 21 മുതൽ ആഗസ്റ്റ് 1 വരെ തീയതികളിൽ പത്ത് ദിവസത്തെ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2025 ജൂലൈ 21 രാവിലെ 10 മണിക്ക് കോട്ടയം (Manorama Junction ന് സമീപം) ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ 135/-രൂപ കൂടുതൽ വിവരങ്ങൾക്ക് 0481 2302223, 9446533317

9. **കാർഷിക നിർദേശം**

തെങ്ങ് നടീൽ

തെങ്ങ് നടാൻ വേണ്ടി നിലമൊരുക്കാം. വെള്ളക്കെട്ടുകൾ രൂപം കൊള്ളുന്ന സ്ഥലങ്ങൾ തെങ്ങിന് അനുയോജ്യമല്ല. നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 12 മീറ്റർ വീതം നീളവും വീതിയും ആഴവും വേണം. മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം ഉപയോഗിച്ച് കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറക്കുക. ഇതിന്റെ നടുക്ക് ഒരു തേങ്ങാ മൂടാൻ വിധം പിള്ളക്കുഴി ഉണ്ടാക്കി അതിൽ തൈ വെച്ച് മണ്ണിട്ട് ഉറപ്പിക്കുക. താങ്ങുകാൽ നാട്ടി അതിനോട് മുകൾഭാഗം ചേർത്ത് കെട്ടുക. തീവ്രതയേറിയ വെയിലിൽ നിന്നും സംരക്ഷിക്കാൻ മടഞ്ഞ ഓലയോ വാഴകളോ കുഴിക്കരയിൽ കുത്തി വെക്കുക. തൈക്കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് കുഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക.

ff


GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം